(ഡി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലും പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് വിലക്ക് നിലവിലുള്ളതിനാൽ ശുപാർശ നിരാകരിച്ച് മറുപടി നൽകിയിട്ടുണ്ട്.

(ഇ) പിരിവ് (ഡി)-യിൽ പറഞ്ഞിട്ടുള്ള തടസ്സം നിലവിലുണ്ട്.

(എഫ്) പുതിയ തസ്തിക സൃഷ്ടിക്കുന്നതിൽ ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്ന മുറയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നതാണ്.

കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഡിഗ്രി കോഴ്സിന്റെ പരീക്ഷാഫലം തടഞ്ഞുവച്ചതിനെതിരെ നടപടി

191 (2940) ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും കോളേജുകളിൽ ഏതെങ്കിലും കോഴ്സിന്റെ എല്ലാ വിദ്യാർത്ഥികളുടേയും പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഡിഗ്രികോഴ്സിന്റെ ഫലമാണ് തടഞ്ഞു വച്ചതെന്നും കാരണം എന്താണെന്നും വെളിപ്പെടുത്താമോ ;

(സി) തടഞ്ഞു വച്ചിട്ടുണ്ടെങ്കിൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കാൻ ഇടയാക്കിയതിന് കാരണക്കാരായവരുടെ പേരിൽ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ കേരള വർമ്മ കോളേജിലെ ബി.എസ്.സി. ഫിസിക്സ് കോഴ്സിന്റെ മൂന്നാം വർഷഫലം തടഞ്ഞുവയ്ക്കുകയുണ്ടായി. തെറ്റായ കോഡ് നമ്പർ ചേർത്തായിരുന്നു ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിന് സർവ്വകലാശാലയിൽ ലഭിച്ചത് എന്നതിനാലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(സി) സംഭവത്തിന് കാരണക്കാരായവർ ആരെല്ലാമാണെന്ന് അന്വേഷിച്ചുകൊണ്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായും പരീക്ഷാഫലം 10-7-2003-ന് പ്രസിദ്ധീകരിച്ചതായും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

192 (2941) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റായി നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് എത്ര നാളായി ;

(സി) കോഴിക്കോട് സർവ്വകലാശാലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ;

(ഡി) ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹു.ഹൈക്കോടതി മുൻപാകെയുള്ള ഒ.പി.നം. 3825/2000-ന്റെ തീരുമാനത്തിന് വിധേയമായി പ്രസ്തുത റാങ്ക് ലിസ്റ്റ് 14-5-2002-നാണ് പ്രസിദ്ധീകരിച്ചത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) പ്രീഡിഗ്രി കോഴ്സുകളുടെ വേർപ്പെടുത്തൽ, കണ്ണൂർ സർവ്വകലാശാലയുടെ രൂപീകരണം എന്നിവയ്ക്ക് ശേഷം കോഴിക്കോട് സർവ്വകലാശാലയ്ക്ക് ആവശ്യമായ തസ്തികകളും ഒഴിവുകളും കണക്കാക്കിയിട്ടില്ല.

(ഡി) ഒഴിവുകൾ നിജപ്പെടുത്തിയ ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത 2771, 2877, 2898 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) കെൽട്രോൺ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും നേരിടുന്ന ഗുരുതരമായ പ്രതിസന്ധി

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, കേരളത്തിലെ ഏറ്റവും പ്രമുഖസ്ഥാപനമായ കെ.എസ്.ഇ.ഡി.സി നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. വളരെ ചുരുങ്ങിയ കാലംകൊണ്ട് സംസ്ഥാനത്തിന് അഭിമാനകരമായ നേട്ടം കൈവരിച്ച നമ്മുടെ ആധുനിക ഇലക്ട്രോണിക് സ്ഥാപനമാണ് കെൽട്രോൺ. കേരളത്തിലെ 10 കേന്ദ്രങ്ങളിലായി 13 യൂണിറ്റുകളും മറ്റ് സംസ്ഥാനങ്ങളിൽ 7 ബ്രാഞ്ചുകളിലായി ഇപ്പോൾ മൂവായിരത്തോളം വിദ്യാർത്ഥികൾ നേരിട്ടും ഏതാണ്ട് 8,000-ത്തോളം പേർ ഈ സ്ഥാപനത്തെ ആശ്രയിച്ചും പണി ചെയ്തുവരുകയാണ്. കെൽട്രോണിന്റെ രൂപീകരണ കാലം മുതൽ കേരളത്തിലെ ഇതര വ്യവസായസ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ എന്നും ലാഭത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ഒരു സ്ഥാപനമാണിത്.

9.30.A.M]

LIBRARY ARCHIVES Kerala Legislative Assembly